**Through Special Messenger**

**നിയമസഭ അടിയന്തിരം**

**കേരള സർക്കാർ**

**ധനകാര്യ (പി.എസ്.എ) വകുപ്പ്**

**പരിപത്രം**

പരിപത്രം നം. 4/2016/ധന. തീയതി, തിരുവനന്തപുരം, 21.01.2016

വിഷയം:- 13-ാം കേരള നിയമസഭ-16-ാം സമ്മേളനം (05.02.2016 മുതൽ 25.02.2016 വരെ) - ബഹു: മുഖ്യമന്ത്രി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ - സംബന്ധിച്ച്

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 19.01.2016-ലെ ബുള്ളറ്റിൻ നമ്പർ 877 ഭാഗം 2

13-ാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 05.02.2016 മുതൽ 25.02.2016 വരെ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളന കാലത്ത് ബഹു: മുഖ്യമന്ത്രി നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിന് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു:-

| | |
|---|---|
| | <u>നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ</u> |
| **ബഹു: മുഖ്യമന്ത്രി** | **2016 ഫെബ്രുവരി 8, 16 & 24** |

ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളുടെയും അറിവിലേയ്ക്കും വീഴ്ചയില്ലാതെ പാലിക്കുന്നതിനുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ധനകാര്യ വകുപ്പിലെ ഓരോ സെക്ഷനുകളും അവരുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യത്തിന്റെ കരട് മറുപടി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പായി ബഹു: മുഖ്യമന്ത്രിക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും ഉത്തരത്തിന്റെ അസ്സൽ പകർപ്പ് സെക്ഷൻ ഓഫീസർ **നീല മഷിയിൽ** ഒപ്പിട്ടത് (നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയുടെ 21 പകർപ്പുകളും(ഫയൽ സഹിതം)/നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയുടെ 16 പകർപ്പുകളും) ചോദ്യ ദിവസത്തിന്റെ തലേ ദിവസം ഒരു മണിക്ക് മുമ്പായി ധനകാര്യ (പി.എസ്.എ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

ശ്രദ്ധക്ഷണിക്കൽ, ഉപക്ഷേപം, ബില്ലുകൾ എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ഫയൽ ബഹു: മുഖ്യമന്ത്രിക്ക് ആവശ്യമായ വിവരങ്ങൾ സഹിതം യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

കൂടാതെ, 27.07.2005-ലെ 72427/പി.എസ്.എ/05/ധന. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ഈ സമ്മേളനകാലത്തെ സഭാനടപടികളുടെ കലണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**എം.ജെ. പ്രിൻസ്,**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**കലണ്ടർ**
**2016 ഫെബ്രുവരി**

| | |
|---|---|
| 05.02.2016 (വെള്ളി) | രാവിലെ 9.00 മണിക്ക് ഗവർണ്ണറുടെ പ്രസംഗം. |
| 08.02.2016 (തിങ്കൾ)<br>09.02.2016 (ചൊവ്വ)<br>10.02.2016 (ബുധൻ) | ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച |
| 11.02.2016 (വ്യാഴം) | ഗവൺമെന്റ് കാര്യം |
| 12.02.2016 (വെള്ളി) | രാവിലെ 9.00 മണിക്ക് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കലും 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും സമർപ്പണവും |
| 15.02.2016 (തിങ്കൾ) | 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 16.02.2016 (ചൊവ്വ)<br>17.02.2016 (ബുധൻ)<br>18.02.2016 (വ്യാഴം) | 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച |
| 19.02.2016 (വെള്ളി) | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 22.02.2016 (തിങ്കൾ) | വോട്ട് ഓൺ അക്കൗണ്ട്-ചർച്ചയും വോട്ടെടുപ്പും |
| 23.02.2016 (ചൊവ്വ) | സഭ ചേരുന്നതല്ല(ആറ്റുകാൽ പൊങ്കാല) |
| 24.02.2016 (ബുധൻ) | ഗവൺമെന്റ് കാര്യം<br>ഉച്ചയ്ക്കുശേഷം 12.30 മുതൽ 01.30 വരെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |
| 25.02.2016 (വ്യാഴം) | ഗവൺമെന്റ് കാര്യം<br>ഉച്ചയ്ക്കുശേഷം 12.30 മുതൽ 01.30 വരെ 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ |